"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി. സുനിത കുമാരി എസ്.-ന്റെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.3008/2025/LSGD    തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ) 1255/2024/ത.സ്വ.ഭ.വ തീയതി 09.07.2024

2. അക്കൗണ്ടന്റ് ജനറലിന്റെ 13.06.2025 തീയതിയിലെ GE19/B/1075591/TPS-87/70628/208 നമ്പർ കത്ത്.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2025 തീയതിയിലെ LSGD/PD/3716/2025-IE2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം (1) പ്രകാരം ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും 10.07.2024 മുതൽ പ്രസ്തുത ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ള ശ്രീമതി. സുനിത കുമാരി എസ്. (പെൻ 565497)-ന്റെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യപിയ്ക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ടിയാൾ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ 19 ദിവസത്തെ അവധി വിനിയോഗിച്ചതായി അക്കൗണ്ടൻറ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും, ജോലിയും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ 10.07.2024-ന് ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. സുനിത കുമാരി എസ്.

(പെൻ 565497)-ന്റെ ടി തസ്തികയിലെ നിരീക്ഷണ കാലം കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 29.01.2025 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. സുനിത കുമാരി എസ്, ഡെപ്യൂട്ടി ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Keerthi P P
Date: 19-12-2025 17:20:43